**VC/48293/2021/DCE** കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

വികാസ് ഭവൻ, തിരുവനന്തപുരം

**Phone: 0471- 2303107, 2303548**

**Email : dir.colledn@kerala.gov.in / dcedirectorate@gmail.com**

തീയതി: **23-09-2024**

## കാരണം കാണിക്കൽ നോട്ടീസ്

തിരുവനന്തപുരം, സർക്കാർ വനിതാ കോളേജിലെ ഹോം സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കവിത. എം.എസ്. -നെ അറിയിക്കുന്നത്,

താങ്കൾ ടി കോളേജിൽ സേവനത്തിൽ തുടർന്ന് വരവേ **17.01.2022** മുതൽ **16.07.2024** വരെ രണ്ടര വർഷത്തേക്ക് കെ.എസ്.ആർ. പാർട്ട് **1** അനുബന്ധം **XII A** പ്രകാരം ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് **24.12.2021** തീയതിയിലെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് പ്രിൻസിപ്പാളിന്റെ കത്ത് നം. **B1/96/2012/GCW** മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. താങ്കൾക്ക് മുൻകാലത്ത് **17.01.2012** മുതൽ **16.01.2017** വരെ അഞ്ചു വർഷകാലത്തേക്കും തുടർന്ന് **17.01.2017** മുതൽ **16.01.2022** വരെ അഞ്ചു വർഷത്തേക്കും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ കാലയളവിന്റെ തുടർച്ചയെന്നോണമാണ് **17.01.2022** മുതൽ **16.07.2024** വരെ രണ്ടര വർഷത്തേക്ക് ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിന് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നത്. നിലവിലെ സർക്കാർ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിക്കാവുന്ന പരമാവധി ശൂന്യവേതനാവധി **5** വർഷമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ താങ്കളുടെ ശൂന്യവേതനവധി അപേക്ഷ പരിഗണിക്കാൻ സാധിക്കില്ല എന്നും നിലവിൽ അനുവദിച്ചിട്ടുള്ള ശൂന്യവേതനാവധി അവസാനിക്കുന്ന മുറക്ക് അതായത് **17.01.2022** തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിക്കണമെന്ന് **12.01.2022** തീയതിയിലെ തിരുവനന്തപുരം വനിതാ കോളേജ് പ്രിൻസിപ്പാളിന്റെ കത്ത് നം . **B1/96/2012/GCW** പ്രകാരം താങ്കളെ അറിയിച്ചിരുന്നു. കൂടാതെ **13.01.2022** തീയതിയിലെ ഈ കാര്യാലയത്തിലെ കത്ത് നം. **A2/48293/2021/DCE** പ്രകാരവും അറിയിപ്പ് നൽകിയിരുന്നു.

താങ്കളുടെ **15.01.2022** തിയതിയിലെ ഇ-മെയിൽ സന്ദേശത്തിൽ താങ്കൾ നിലവിൽ സൗദി അറേബ്യയിലെ വളരെ മികച്ച നിലയിൽ പ്രവർത്തിക്കുന്ന

ഒരു ഹെൽത്ത് യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുകയാണെന്നും മടങ്ങി വന്ന് സേവനത്തിൽ പ്രവേശിക്കണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും കോവിഡ് മഹാമാരി കാരണം അതിന് സാധിച്ചിരുന്നില്ല എന്നും, മാതാപിതാക്കൾ ഇക്കാലയളവിൽ മരണപ്പെട്ടു പോയെന്നും, പ്രസ്തുത സാഹചര്യത്തിൽ മാനുഷിക പരിഗണന കണക്കിലെടുത്ത് ശൂന്യവേതനാവധി അപേക്ഷ പരിഗണിക്കണമെന്നും, തന്റെ ശൂന്യവേതനാവധി അപേക്ഷ നിരസിച്ച തീരുമാനം പുനഃ പരിശോധിക്കണമെന്നുമാണ് താങ്കൾ അപേക്ഷിച്ചിരുന്നത്. **12.02.2022** തിയതിയിലെ ഈ കാര്യാലയത്തിലെ കത്ത് നം.**A2/48293/2021/DCE** പ്രകാരം മാനുഷിക പരിഗണന കണക്കിലെടുത്ത് ടി വിഷയം പരിഗണിക്കുന്നതിന് സർക്കാരിൽ അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ വിഷയം പരിഗണിച്ച സർക്കാർ **19.05.2022** തീയതിയിലെ സർക്കാർ കത്ത് നം. എഫ്**2/30/2022**/ഉ.വി.വ. പ്രകാരം താങ്കൾ **05.11.2020** തീയതിക്ക് ശേഷമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാലും ഇതിനകം തന്നെ പത്ത് **(10)** വർഷത്തിലേറെ കാലം ശൂന്യവേതനാവധി താങ്കൾ പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാലും, താങ്കളുടെ ശൂന്യവേതനാവധി ദീർഘിപ്പിക്കാനാകില്ലെന്നും ആയതിനാൽ അടിയന്തിരമായി സർവ്വീസിൽ തിരികെ പ്രവേശിക്കാൻ താങ്കൾക്ക് നിർദ്ദേശം നൽകണമെന്നാണ് സർക്കാർ അറിയിച്ചിരുന്നത്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ **17.01.2022** മുതൽ **16.07.2024** വരെയുള്ള കെ.എസ്.ആർ. ഭാഗം **I** അനുബന്ധം **XII A** പ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷ പരിഗണിക്കാനാകില്ലെന്നും, അടിയന്തിരമായി സർവ്വീസിൽ തിരികെ പ്രവേശിച്ചില്ലെങ്കിൽ കെ.എസ്.ആർ. ഭാഗം **I** അനുബന്ധം **XII A** ചട്ടം **9** പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും ഈ കാര്യാലയത്തിലെ **13.06.2022** ലെ കത്ത് നം. **A2/48293/2021/DCE** പ്രകാരം താങ്കളെ വീണ്ടും അറിയിക്കുകയുണ്ടായി. കൂടാതെ **13.06.2022** ൽ ഇ- മെയിൽ സന്ദേശത്തിലൂടെയും താങ്കൾക്ക് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ താങ്കൾ സേവനത്തിൽ തിരികെ പ്രവേശിച്ചിരുന്നില്ല.

സർക്കാർ ഉത്തരവ് നം. സ.ഉ.(അ) നം. **152/2020**/ധന തീയതി: **05.11.2020**, സർക്കാർ ഉത്തരവ് സ.ഉ.(പി) നം.**87/2022** /ധന തീയതി: **03.08.2022** പ്രകാരം ശൂന്യവേതനാവധി പരമാവധി **5** വർഷത്തേക്ക് മാത്രമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ **05.11.2020** തീയതിയിലെ സർക്കാർ ഉത്തരവ് നം. സ.ഉ.(അ) നം. **152/2020**/ധന പ്രകാരം **5** വർഷത്തിനു ശേഷവും ജോലിക്ക് ഹാജരാകാതിരുന്നാൽ **"Deemed Resignation"** ആയി പരിഗണിക്കണമെന്നാണ് സർക്കാർ ഉത്തരവായിരുന്നത്. കൂടാതെ കേരള സർക്കാർ ധനകാര്യ (റൂൾസ് - ബി) വകുപ്പ് സർക്കുലർ നം. **83/2020**/ധന തീയതി: **30.12.2020** -ലെ സർക്കാർ

സർക്കുലർ അനുസരിച്ച് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതും എന്നാൽ അനുവദിച്ച കാലയളവിന് ശേഷം സർവ്വീസിൽ തിരികെ പ്രവേശിക്കാതെ നിലവിൽ അനധികൃതമായി അവധിയിൽ തുടരുന്ന ജീവനക്കാരെ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ അനുവദനീയമായ ശൂന്യവേതനാവധിക്കാലം കഴിഞ്ഞിട്ടും സർവ്വീസിൽ തിരികെ പ്രവേശിക്കാതെ താങ്കൾ അനധികൃത അവധിയിൽ തുടരുന്നതിനാൽ കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A ചട്ടം 9 പ്രകാരം താങ്കൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 12.12.2022 തീയതിയിലെ നം. VC/48293/2021/DCE പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി കുറ്റപത്രവും കുറ്റാരോപണ പത്രികയും താങ്കളുടെ മേൽ വിലാസത്തിലേക്ക് അയച്ചിരുന്നെങ്കിലും താങ്കൾ കൈപ്പറ്റാത്തതിനാൽ മടങ്ങിവരുകയാണ് ഉണ്ടായതെന്നും താങ്കളുടെ ഇമെയിൽ ഐഡി -യിലേക്കും വാട്സ്ആപ് നമ്പറിലേക്കും ടി കുറ്റപത്രവും കുറ്റാരോപണ പത്രികയും അയച്ചിരുന്നതായിയും 24.12.2022 തീയതിയിലെ കത്ത് നം. B1/96/2012/GCW മുഖാന്തിരം പ്രിൻസിപ്പാൾ അറിയിച്ചിരുന്നു. എന്നാൽ കുറ്റപത്രത്തിനു താങ്കൾ മറുപടി ലഭ്യമാക്കാതെ വകുപ്പിന്റെ നിർദ്ദേശങ്ങളെ അവഗണിക്കുക്കയും അച്ചടക്ക നടപടിക്രമങ്ങളോട് ബോധപൂർവ്വം സഹകരിക്കാത്ത ഒരു സമീപനം സ്വീകരിക്കുകയുമാണ് ചെയ്തിരുന്നത്.

താങ്കൾക്കെതിരെ തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25.11.2023-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. VC/48293/2021/DCE പ്രകാരം ഈ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ ശ്രീ. ജയകൃഷ്ണൻ ബി.എസ്.- നെ ഈ വിഷയത്തിൽ ഔപചാരിക അന്വേഷണത്തിന് ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ശ്രീ. ജയകൃഷ്ണൻ ബി.എസ്. 05.06.2024 തീയതിയിൽ സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്ക് ഔപചാരിക അന്വേഷണത്തിനായി ഹാജരാകുന്നതിന് താങ്കളുടെ മേൽവിലാസത്തിലേക്കും, ഇ-മെയിൽ വിലാസത്തിലേക്കും, വാട്സ്ആപ് നമ്പർ മുഖേനയും അറിയിപ്പുകൾ നൽകിയിരുന്നെങ്കിലും താങ്കൾ അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരായിരുന്നില്ല എന്നും താങ്കളുടെ ശൂന്യവേതനാവധി അപേക്ഷ നിരസിച്ചവിവരം താങ്കൾക്ക് അറിവുണ്ടായിരുന്നിട്ടും താങ്കൾ സേവനത്തിൽ തിരികെ പ്രവേശിച്ചിരുന്നില്ല എന്നും, ആയതിനാൽ തന്നെ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടി താങ്കൾക്കെതിരെ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII A ചട്ടങ്ങൾ പ്രകാരം അവധി അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ (റൂൾസ്-ബി) വകുപ്പ് 2018 മാർച്ച 28 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള 22/2018/ധന നമ്പർ സർക്കുലറിലെ ഒന്നാം ഖണ്ഡികയിൽ 'എല്ലാ കോളങ്ങളും പൂരിപ്പിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ അവധി ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുൻപ് ഓഫിസ് തലവന് സമർപ്പിക്കേണ്ടതാണെന്നും' ഖണ്ഡിക 4 ൽ 'അവധി അപേക്ഷ സമർപ്പിച്ചുവെന്ന കാരണത്താൽ അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് ഉദ്യോഗസ്ഥർ ഒരു കാരണവശാലും അവധിയിൽ പ്രവേശിക്കാൻ പാടുള്ളതല്ലെന്നും അപ്രകാരം അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A, ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും' വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII A, ചട്ടം 9 ൽ ടി - ചട്ടപ്രകാരം ഉള്ള അവധി അനുവദിച്ച് ഉത്തരവാകും മുൻപ് അവധിയിൽ പ്രവേശിക്കുന്നവർക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്നും നിഷ്കർച്ചിട്ടുണ്ട്. ആയതിനാൽ ഒരു സർക്കാർ ജീവനക്കാരിയായ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുക വഴി സർക്കാർ ചട്ടങ്ങൾ ലംഘിക്കുകയും കടുത്ത അച്ചടക്ക ലംഘനം നടത്തുകയുമാണ് ചെയ്തിരിക്കുന്നത്. ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന പ്രവർത്തികൾ ആണ് താങ്കളിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഇപ്രകാരമുള്ള താങ്കളുടെ പ്രവർത്തികൾ താങ്കൾക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി പ്രയോജനപ്പെടുത്തിയ ശേഷം അനധികൃതമായി അവധിയിൽ തുടർന്ന് സർക്കാർ ചട്ടങ്ങൾ ലംഘിക്കുകയും അച്ചടക്കാധികാരിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയും സേവനത്തോട് ആത്മാർത്ഥതയും കൂറുമില്ലാതെ പെരുമാറി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ലംഘിക്കുകയും ചെയ്ത താങ്കളുടെ പ്രവൃത്തികൾ ഗുരുതര അച്ചടക്ക ലംഘനവും കൃത്യവിലോപവുമായി കണ്ട് 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 11 (vii) പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താത്കാലിക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സമയപരിധിക്കുള്ളിൽ ആയത് ലഭ്യമാക്കിയില്ലെങ്കിൽ താങ്കൾക്ക്

യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

Signed by
Sudhir K
Date: 23-09-2024 21:27:57

സുധീർ.കെ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
**0471-2303548**
**dir.colledn@kerala.gov.in**

ഡോ . കവിത. എം.എസ്.
അസിസ്റ്റന്റ് പ്രൊഫസ്സർ ഇൻ ഹോം സയൻസ്
സർക്കാർ വനിതാ കോളേജ് , തിരുവനന്തപുരം
(പ്രിൻസിപ്പാൾ മുഖേനെ )

പകർപ്പ് :

1. പ്രിൻസിപ്പാൾ, സർക്കാർ വനിതാ കോളേജ് , തിരുവനന്തപുരം (രണ്ട് പകർപ്പുകൾ ഡോ. കവിത. എം.എസ്.-ന് നൽകി ഒരു പകർപ്പിൽ ടി - യാളുടെ പേര്, ഒപ്പ് , തീയതി ഉൾപ്പെടെയുള്ള കൈപ്പറ്റ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്. ഒരു പകർപ്പ് ടി യാന്റെ ഇ-മെയിൽ വിലാസത്തിലും മറ്റൊരു പകർപ്പ് ടി യാന്റെ മൊബൈലിൽ ലഭ്യമാകുന്ന തരത്തിലും ലഭ്യമാക്കേണ്ടതാണ്.)
2. എ2 സീറ്റ് , കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ
3. കരുതൽ ഫയൽ/നടപ്പ് ഫയൽ